ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയം ഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാംനില
പബ്ലിക് ഓഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം

Phone : 0471-2324951
0471-2325071
TeleFAX: 0471-2324951
email: celsgd@gmail.com
website: www.celsgd.kerala.gov.in

നം. ഡിബി2/16412/17/സിഇ/എൽ.എസ്.ജി.ഡി

തീയതി 28/08/2018

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ (എഞ്ചിനീയറിംഗ്) വിഭാഗം - കേരള നിയമസഭയുടെ പ്രത്യേക സമ്മേളനം - കാലവർഷക്കെടുതിയോടനുബന്ധിച്ചുള്ള നാശനഷ്ടക്കണക്കുകൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:-

**********

മൺസൂൺ കാലവർഷക്കെടുതി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി കേരള നിയമസഭയുടെ പ്രത്യേക സമ്മേളനം 30.08.2018 ന് ചേരുന്നതിനാൽ മൺസൂൺ കാലവർഷക്കെടുതിയോടനുബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന് ഉണ്ടായ നഷ്ടം ബഹു.മന്ത്രിക്ക് നൽകേണ്ടതുണ്ട്. മറ്റ് ഇതര വകുപ്പുകളായ പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പുകളിൽ ഇത്തരത്തിൽ നഷ്ടം കണക്കാക്കിവരുന്നു. പല പഞ്ചായത്ത്, മുനിസിപ്പാലിറ്റി, ബ്ലോക്ക് ഓഫീസ് കെട്ടിടങ്ങൾ, ടി കെട്ടിടങ്ങളിൽ ഉണ്ടായിരുന്ന ഫർണിച്ചറുകൾ കമ്പ്യൂട്ടറുകൾ, അധികാര പരിധിയിലുള്ള മറ്റ് കെട്ടിടങ്ങൾ ( സ്കൂളുകൾ, അംഗൻവാടി, ഹോസ്പിറ്റൽ), റോഡുകൾ എന്നിവയ്ക്ക് നാശം സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ഇപ്രകാരം നഷ്ടം സംഭവിച്ച റോഡുകൾ, പാലങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തിയിലുള്ള കെട്ടിടങ്ങൾ എന്നിവയ്ക്കുണ്ടായ നാശ നഷ്ടത്തിന്റെ റഫ് എസ്റ്റിമേറ്റ് ഇതോടൊപ്പം ഉള്ള പ്രൊഫോർമയിൽ ഗൂഗിൾ ഷീറ്റിൽ രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. പ്രസ്തുത വിവരങ്ങൾ <u>29.08.2018 ന് ഉച്ചക്ക് 12.00 മണിക്ക്</u> മുമ്പ് തന്നെ രേഖപ്പെടുത്തേണ്ടതാണ്. കാര്യമായ നാശനഷ്ടം സംഭവിച്ചിട്ടില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരേയും ഓവർസീയർമാരേയും ഇതിനോടകം മറ്റ് ജില്ലയിൽ കൃത്യനിർവഹണത്തിനായി നിയമിച്ചിട്ടുള്ളതിനാൽ ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ പ്രസ്തുത വിവരങ്ങൾ ഗൂഗിൾ ഷീറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. ഈ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ് സൈറ്റായ <u>www.celsgd.kerala.gov.in</u> - ലെ "Proforma" പേജിലും, Home Page ൽ നൽകിയിട്ടുള്ള "Monsoon calamities" link page ലെ Proformas related to Monsoon calamities എന്ന Heading ന്റെ കീഴിൽ പ്രസിദ്ധീകരിച്ചിട്ടുള്ള **"google sheet Proforma MC003- Proforma for submitting approximate cost of rectifying damages"** എന്ന link മുഖാന്തിരവും ടി google sheet ൽ പ്രവേശിക്കാവുന്നതാണ്. ഒരു ജില്ലയിൽ ഉൾപ്പെടുന്ന കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് എന്നീ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായി ഒരു google sheet എന്ന രീതിയിലാണ് Proforma പ്രസിദ്ധീകരിച്ചിട്ടുള്ളത്.

വിശ്വസ്തതയോടെ,

ചീഫ് എഞ്ചിനീയർ

പകർപ്പ്:- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം മേധാവികൾക്ക്